# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 07-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 648

## കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിലുള്ള കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നൊവേഷൻ സോണിനു രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നവേഷൻ സോണിനു രൂപം നൽകിയിട്ടില്ല. എന്നാൽ ടെക്നോപാർക്കിലെ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ ടെക്നോളജി ഇന്നവേഷൻ സോൺ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യുവാക്കളിൽ ബിസിനസ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി വിവിധ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിനായി ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | കൊച്ചിയിൽ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം കിൻഫ്രാ പാർക്കിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനു വേണ്ടി കെ.എസ്.ഐ.ഡി.സി. നൽകുന്നത്; വിശദമാക്കുമോ? | (സി) | ഇതിനായി കെ.എസ്.ഐ.ഡി.സി. സഹായങ്ങളൊന്നും ഇപ്പോൾ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ